X 7/3/2012

**Series BRH**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 4 questions.
- **Please write down the Serial Number of the question before attempting it.**
- 15 minutes time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

## SUMMATIVE ASSESSMENT – II

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

### എ വിഭാഗം / SECTION A

**1.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

സ്വാഭാവിക വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ലോകജനതയ്ക്കു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് യു.എൻ. പൊതുസഭ 2011 അന്താരാഷ്ട്ര വനവർഷമായി ആചരിക്കാൻ തീരുമാനിച്ചത്. വനങ്ങളുടെ സന്തുലിത വികസനം, സംരക്ഷണം,

പരിപാലനം എന്നിവയാണ് യു.എൻ. ആഹ്വാനം ചെയ്യുന്നത് 'വനങ്ങൾ ജനങ്ങൾക്ക്' എന്നതാണ് ഇതിന്റെ മുദ്രാവാക്യം. വനങ്ങൾ ജനങ്ങൾക്ക് ആശ്രയമാകുന്നു. ജൈവവൈവിധ്യം നിലനിർത്തുന്നു. ഭക്ഷണം, മരുന്ന്, കുടിവെള്ളം എന്നിവയുടെ ശ്രോതസ്സാവുന്നു. ആഗോള കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ പ്രധാനപങ്ക്‌വഹിക്കുന്നു. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ലോകത്ത് മനുഷ്യന്റെ നിലനിൽപ്പിനും ക്ഷേമത്തിനും വനങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഒന്നാണെന്നു കാണാം. ഇതാണ് അന്താരാഷ്ട്രവനവർഷത്തിൽ ഐക്യരാഷ്ട്രസഭ നൽകുന്ന സന്ദേശം. ലോകബാങ്ക് കണക്കു പ്രകാരം 1·6 ബില്യൺ പേരാണ് ലോകത്താകമാനം വനത്തെ ആശ്രയിച്ചു ജീവിക്കുന്നത്. ആഗോളതലത്തിൽ പക്ഷികളിൽ മൂന്നിലൊന്നും വനപ്രദേശത്തെ ആശ്രയിക്കുന്നു. 31 ശതമാനം വരുന്ന വനപ്രദേശമാണ് ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത്.

(i) വനങ്ങൾക്ക് മനുഷ്യജീവിതത്തിലുള്ള സ്ഥാനമെന്ത് ? 2

(ii) എന്തെല്ലാമാണ് യു.എൻ. വനവർഷത്തിൽ ആഹ്വാനം ചെയ്യുന്നത് ? 2

(iii) 2011 അന്താരാഷ്ട്ര വനവർഷമായി ആചരിക്കാൻ തീരുമാനിച്ചത് എന്ത് ലക്ഷ്യത്തോടെയാണ് ? 2

(iv) ഈഖണ്ഡികയ്ക്കു ഉചിതമായ ഒരു ശീർഷകം നൽകുക. 2

## ബി വിഭാഗം / SECTION B

**2.** (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക : 7

(a) അഴിമതി ഒരു സാമൂഹിക വിപത്ത്.

(b) ലഹരിവസ്തുക്കളും യുവതലമുറയും.

(c) പ്ലാസ്റ്റിക് വിമുക്തകേരളം ഒരു സ്വപ്നമോ ?

(ii) നിങ്ങളുടെ പ്രദേശത്ത് വർദ്ധിച്ചുവരുന്ന സാമൂഹ്യ വിരുദ്ധരുടെ ശല്യത്തിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. *7*

## സി വിഭാഗം / SECTION C

**3.** (a) (i) പ്രയോഗം മാററുക *1*

തന്റെ പഴയതും പുതിയതുമായ അഭിപ്രായങ്ങളെ അന്യോന്യം അദ്ദേഹം ഇണക്കിനിർത്തുന്നുണ്ട്.

(ii) അർത്ഥ വ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാററുക. *1*

ആ കവർ അയാൾ മേലുദ്യോഗസ്ഥനെ ഏൽപിക്കുമ്പോൾ വിവശനായി ഇങ്ങനെയൊക്കെ ഓർത്തിരുന്നു.

(iii) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. *1*

യന്ത്രത്തെപ്പറ്റി എഴുതപ്പെട്ട ഏറ്റവും നിഷ്കൃഷ്ടമായ അഭിപ്രായങ്ങൾ വായിക്കണമെങ്കിൽ ഗാന്ധിജിയുടെ പ്രബന്ധങ്ങൾ നോക്കിയാൽ മതി.

(iv) വാക്യത്തിൽ തെററുണ്ടെങ്കിൽ തിരുത്തുക. *1*

അയാളുടെ മനസ്സിൽ ഭീതിയുടെ മഞ്ഞ് ഭയത്തോടെ അടിഞ്ഞു കൂടുന്നു.

(b) (i) പിരിച്ചെഴുതിസന്ധി നിർണ്ണയിക്കുക *2×1=2*

(1) ഉദഗ്രം

(2) കൈയനക്കി

(ii) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക *2×1=2*

(1) ദീപ്തിപൂരം

(2) ഉന്മദത്തള്ളൽ

(iii) പര്യായപദങ്ങൾ എടുത്തെഴുതുക *2×1=2*

(1) അംബുജം
(അംബുദം, അന്നജം, പങ്കജം, നീരജം)

(2) നേത്രം
(ഗാത്രം, നയനം, അയനം, ലോചനം)

(iv) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക *2×1=2*

(1) സൂത്രം
(പാത്രം, ഉപായം, ചരട്, ചരല്)

(2) മാനം
(യാനം, അഭിമാനം, ആനനം, ആകാശം)

(v) വിപരീതപദമെഴുതുക *2×1=2*

(1) സുഗന്ധം
(നിർഗന്ധം, അഗന്ധം, ദുർഗന്ധം, സുർഗന്ധം)

(2) അപത്യം
(പത്യം, സത്യം, അനപത്യം, തഥ്യം)

(vi) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക *2×1=2*

(1) അഭിരാമം - അവിരാമം
(പൂന്തോട്ടം, മനോഹരം, ആരാമം, നിരന്തരം)

(2) ചേർച്ച - ചാർച്ച
(തോർച്ച, വാർച്ച, യോജിപ്പ്, ബന്ധം)

(vii) എതിർലിംഗപദമെഴുതുക *2×1=2*

(1) പ്രാകൃതൻ
(പ്രാകൃതി, പ്രാകൃതിനി, പ്രാകൃത, പ്രാകൃത്യണി)

(2) കവി
(കവിയത്രി, കവിയിത്രി, കവയിത്രി, കവൻ)

## ഡി വിഭാഗം / SECTION D

**4.** (i) ശരിയായ ഉത്തരം എടുത്തെഴുതുക : $8\times\frac{1}{2}=4$

(a) 'മഗ്ദലനമറിയ' ത്തിന്റെ കർത്താവാര് ?
(ആശാൻ, ഉള്ളൂർ, വള്ളത്തോൾ, എൻ.എൻ. കക്കാട്)

(b) കാരിരുമ്പിന്റെ നിറമുള്ള, ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറിയത് എന്ത് ?
(തേജ:പുഞ്ജം, പത്തുരൂപാനോട്ടുകൾ, ഫയൽ, കവർ)

(c) പാതാളത്തിൽനിന്ന് മോഷ്ടിച്ചെടുത്തതെന്ത് ?
(സ്വച്ഛമായൊരുയാത്രി, സ്വച്ഛമായൊരു പകൽ, ആതിരമണം ചേർന്ന ഗ്രാമം, പകൽച്ചൂടുള്ള നഗരം)

(d) "ഇതല്ലെങ്കിൽ സ്വർഗ്ഗമെന്തിനിവേറെ ?" എന്നു ചിന്തിച്ചതാര് ?
(വള്ളത്തോൾ, സുകുമാർ അഴീക്കോട്, എൻ.എൻ. കക്കാട്, സി.വി. ശ്രീരാമൻ)

(e) ഭക്ഷണം കവിതയാണെന്നു പ്രഖ്യാപിച്ചത് ആരാണ് ?
(എൻ.എൻ. കക്കാട്, വള്ളത്തോൾ, ഗാന്ധിജി, ടി.എസ്. എലിയറ്റ്)

(f) കാറിൽപ്പിറക്കുന്നതെന്ത് ?
(സിതാംബുജങ്ങൾ, പയ:കണങ്ങൾ, തുമ്പപ്പൂവ്, പൃഷ്ടഭൂമി)

(g) "അഭയം പ്രാപിച്ചു ഞാൻ" — എവിടെ ?
(സ്വർഗ്ഗത്തിൽ, നരകത്തിൽ, എൻവീട്ടിൽ, പാതാളത്തിൽ)

(h) ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതെന്ത് ?
(ദിവ്യമാം തൃക്കരം, വിരുന്നുകാരന്റെ ശോഭ, പൂമേട, വിശാലമാംശാല)

(ii) ഉത്തരമെഴുതുക

(a) വേലയെപ്പറ്റി ഭൂമിയിൽ മനുഷ്യനുച്ചരിച്ച വാക്കുകളിൽ വച്ച് ഏറ്റവും മഹനിയമായവ ഗാന്ധിജിയാണു പറഞ്ഞതെന്നു പറയാൻ കാരണമെന്ത് ? *3*

(b) "തനിക്ക് ഹരിശ്ചന്ദ്രനാവാനാണെങ്കിൽ ഈ വകുപ്പിൽ ചേരേണ്ടിയിരുന്നില്ല" — സന്ദർഭവും ആശയവും വിശദമാക്കുക. *3*

(c) കൂറ്റൻ യന്ത്രങ്ങളും മില്ലുകളും സ്ഥാപിച്ച് വസ്തുക്കൾ നിർമ്മിച്ചുതുടങ്ങിയാൽ ഉണ്ടാകാവുന്നരണ്ട് പ്രധാനദോഷങ്ങൾ ഗാന്ധിജി ചൂണ്ടിക്കാണിക്കുകയുണ്ടായി. അവ ഏവ ? *3*

(d) "പതിവുപോലെ ഇന്നും അയാൾ ഓർത്തു" ഓർത്തതെന്തെല്ലാം ? ആരുടെ; ഏതു പാഠം ? *3*

(iii) (a) 'തുമ്പപ്പൂവ്' എന്ന കവിതയിലൂടെ കവി നൽകുന്ന സന്ദേശമെന്താണ് ! *3*

(b) "ഏഴെട്ടുകാശിന്റെ ഉന്മദത്തള്ളൽ" പ്രകടമാകുന്ന സന്ദർഭങ്ങൾ, നിങ്ങളുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളവ എടുത്തെഴുതുക; പാഠസന്ദർഭം വിശദമാക്കുക. *3*

(c) 'മോഷ്ടിച്ചെടുത്തരാത്രി' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക. *3*

(d) "വെള്ളക്കൊടി കാട്ടുവോനെയുന്മൂലനം ചെയ്യുമുദഗ്രപാണി" — സന്ദർഭം പറഞ്ഞ് ആശയം വിശദമാക്കുക. *3*

(iv) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക : *2×6=12*

(a) ആത്മധൈര്യവും ക്ഷമയുമുണ്ടെങ്കിൽ ഏതു പ്രതിസന്ധിയെയും നമുക്ക് നേരിടാനാകും അപ്പുവിന്റെ കഥയെ അടിസ്ഥാനമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

(b) 'മൃതസഞ്ജീവനി' എന്ന കഥയുടെ സവിശേഷതകൾ നിറഞ്ഞുനിൽക്കുന്നത് മുത്താമയെ ചുറ്റിപ്പറ്റിയാണ്.' — ഈ അഭിപ്രായം പരിശോധിക്കുക.

(c) ശാസ്ത്രവും പുരാണവും സമ്മേളിക്കുന്ന കൗതുകകരമായ ഒരു കഥയാണ് മൃതസഞ്ജീവനി എന്നു പറയാനുള്ള കാരണങ്ങൾ കണ്ടെത്തുക.